# അമേരിക്കൻ കഥകൾ

## മിനികഥകൾ

## മൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, ഇന്ന് മൂട് ഔട്ടാണ്. അങ്ങിനെ വന്നാൽ നല്ല വർത്തമാനമായിരിക്കും. പറയാൻ പോകുന്നത്. കേൾക്കുന്നവക്ക് കണ്ണാനന്ദകരമായിരിക്കും. പക്ഷേ, എഴുതുന്നവക്ക് ദുഷ്ക്കരവുമായിരിക്കും.

എന്റെ കൊച്ചേ, എന്റെ ആദ്യ പ്രസവത്തിന്, ഇവിടുത്തെ ഇങ്ങേര് എന്നെ കേരളത്തിൽ കൊണ്ടു വിട്ട സമയം. അന്ന് ഞങ്ങൾ കേരളത്തിന് വെളിയിലായിരുന്നെങ്കിലും ഇന്ത്യയ്ക്കത്തായിരുന്നല്ലോ. അന്ന് ഞങ്ങളുടെ വളരെ അയൽപക്കത്തുള്ള മറിയച്ചേടത്തിയുടെ മകൾ രാജമ്മയെ എന്നെഏല്പിച്ചതാണ്.

മറിയച്ചേടത്തിയ്ക്കും മത്തായി ചേട്ടനും മക്കൾ എട്ടാ. ഏഴു പെണ്ണും ഒരാണും. എട്ടാമത്തേതിനെ വയറ്റിൽ കെടക്കുന്ന കാലത്താണ് ഞാൻ കടിഞ്ഞൂൽ പ്രസവത്തിന് പോയത്. ഏഴും പെണ്ണാണ്. എട്ടാമത്തേതാണ് ആൺ. അതെങ്ങെനെയാ, ആ മത്തായി എന്നും ആ മറിയച്ചേടത്തിയുടെ മണ്ടേൽ നിന്നും മാറത്തില്ല. ഇടയ്ക്ക് ചേടത്തി ഒന്ന് എടങ്കേടിട്ടപ്പോ, അങ്ങേര് അയൽപക്കത്തെ അവരാതി മേരിയുടെ കൂടെ ആയി കുറേ കാലം. പിന്നെ ചേടത്തി കയ്യും കാലും പിടിച്ച് തിരിച്ചു കൊണ്ടു വന്നതാ.

അയൽപക്കത്തെ മേരി ഭർത്താവുമായി വഴക്കിട്ട് അയാൾ ഉപേക്ഷിച്ചു പോയതാണ്. ഒരിക്കൽ അയാൾ വീട്ടിൽ വന്നപ്പോൾ കേശവൻ മുതലാളിയുടെ കൂടെ ഉടുതുണി പോലും ഇല്ലാതെ മേരി കിടക്കുന്നതു കണ്ട് അയാൾ പിണങ്ങിയതാണ്. അതുകൊണ്ട് ഒരേക്കർ പുരയിടം മേരിക്കു കിട്ടി. ആണുങ്ങൾ കാണുന്ന ചേറിൽ കാലു വെച്ചിട്ട്, അടുത്ത വെള്ളത്തിൽ കഴുകി കളയത്തില്ലേ! അതിന് അങ്ങേര് പിണങ്ങീട്ട് വല്ല കാര്യവുമുണ്ടോ? അങ്ങേരുടെ കയ്യിൽ എന്തോ കുന്തമുണ്ടായിട്ടാ. പിന്നെ അന്നത്തെ ഗതികേടിന് അയാളെ കൊണ്ട് കെട്ടിച്ചു. പക്ഷേ, അയാൾ നല്ല ദേഹണ്ഡക്കാരനായിരുന്നു. അതുകൊണ്ട് പിന്നെ മേരി മക്കൾ വേണ്ടെന്ന് വെച്ചു. അല്ലേ ഈ ആണുങ്ങളുടെ കൂടെ കിടന്നാ നമ്മൾ പെണ്ണുങ്ങൾക്ക് എന്തോ സൊകമാ! പിന്നെ വല്ലപ്പോഴുമൊക്കെ, കാണുന്നവരെല്ലാം കൂടെ കിടക്കും. അങ്ങിനെയാ അവൾക്ക് ആ പേരു കിട്ടിയത്.

മറിയച്ചേടത്തീടെ മകൾ രാജമ്മയെ അന്ന് എന്നെ ഏല്പിച്ചതാ അന്ന് ആ കൊച്ച് ഹൈസ്ക്കൂൾ പാസായ് നിക്കണ നേരമാ. രണ്ടു മാസം ഞാൻ വീട്ടിൽ പെറ്റുകിടന്നപ്പോൾ രാത്രീം പകലും ആ പെണ്ണായിരുന്നു എന്നെ സഹായിക്കാൻ വീട്ടിൽ കൂടെയുണ്ടായിരുന്നത്. മറിയച്ചേടത്തീം മത്തായീം പറേന്നത് ദൈവം സ്വർഗ്ഗത്തിൽ നിന്ന് തരുന്നത് നമ്മൾ കൈ നീട്ടി വാങ്ങേണ്ടേ! എന്തായാലും അവക്ക് ഏക്കറു കണക്കിന് പുരയിടം ഉണ്ട്. കൊച്ചു വെളുപ്പാൻ കാലത്ത് മത്തായി പുരയിടത്തിൽ അദ്ധ്വാനിക്കാൻ പോയാൽ, രാത്രീ കൂടെ കിടക്കാൻ സമ്മതിച്ചില്ലങ്കിൽ ഏതാണുങ്ങൾക്കാ ഇടങ്കേടുണ്ടാകാത്തത്? ഓരോ വർഷവും ഇടവിട്ട് പെൺമക്കളെ പെറ്റ് പെറ്റ് അവസാനം ഞാൻ പെറാൻ ചെന്നപ്പോൾ, ഒരാൺകൊച്ചിനെ കിട്ടി. അതോടെ ആ പരിപാടി ചേടത്തി നിർത്തി. എന്നാലും നാല്പതു വയസായ ചേടത്തിയെ ഇപ്പോ കണ്ടാലും കൊച്ചു പെണ്ണുങ്ങൾ തോറ്റു പോം. അങ്ങേര് പൊന്നു പോലെ എന്നെ രക്ഷിക്കുമെന്നാ അവർ പറയുന്നത്.

രണ്ടു മാസം രാജമ്മ എന്റെ കൂടെ നിന്നപ്പോ ഞാനും അവളുമായി അങ്ങ് ഇണങ്ങി. മടങ്ങി പോന്നപ്പോ അവളേം കൂട്ടിയാ പോന്നത്. അത് എനിക്ക് താൽക്കാലീക ആശ്വാസമായിരുന്നു. ആയിടയ്ക്ക് എനിക്ക് രാത്രീ ജോലി ഉണ്ടായിരുന്നപ്പോ, കൊച്ചിനെ നോക്കാൻ അവളുണ്ടായിരുന്നെന്ന് എനിക്ക് ആശ്വാസമുണ്ടായിരുന്നു. വർഷങ്ങൾ പലതും കഴിഞ്ഞ്, അവൾ ഇവിടെ വന്നശേഷം ഞങ്ങൾ പിണക്കത്തിലായശേഷം ഇവിടുത്തെ ഇങ്ങേരു പറഞ്ഞറിഞ്ഞു: ആ കാലങ്ങളിൽ അവൾ ഇങ്ങേരേം രാത്രീ ഉറക്കി കൊടുത്തിരുന്നെന്ന്. നേരു ദോഷം പറയരുതല്ലോ, അക്കാലങ്ങളിൽ ഇവിടുത്തെ അങ്ങേര് രാത്രീ ജോലിക്കു പോയി കഴിഞ്ഞാൽ അവൾ എന്നേം പരിപാലിച്ചിരുന്നു എല്ലാ വിധത്തിലും. അതുകൊണ്ട് അവൾ നേഴ്സിംഗ് പാസായി കഴിഞ്ഞപ്പോൾ തന്നെ അവളുടെ ടിക്കറ്റു വെരെ ഞാനയച്ചുകൊടുത്ത് എന്റെ കൂടെ നിർത്തിയായിരുന്നു. അന്ന് അവൾക്ക് ആ നന്ദീം സ്നേഹോം എല്ലാം എല്ലാ വിധത്തിലുമുണ്ടാരുന്നു. അത് ഇവിടുത്തെ ഇങ്ങേരും പറയുമായിരുന്നു. അപ്പോ, ഇങ്ങേരേം അവൾ പരിപാലിച്ചിരുന്നു.

അവടെ അനിയത്തിമാരേ ഏഴെണ്ണത്തിനേം അവൾ ഇക്കര എത്തിച്ചു നേഴ്സാക്കി. ഇതിനിടയിൽ അവളുടെ വിവാഹവും കഴിഞ്ഞു. എളേ ചെറുക്കനേം നേഴ്സാക്കി. അവൻ കൂടെ പഠിച്ച ഒരു ഹിന്ദു പെണ്ണിനെ കെട്ടി. രണ്ടും ഇവിടെ എത്തി. നാട്ടിൽ, കുടിൽ കിടന്നിരുന്നിടത്ത് കൊട്ടാരമായി. മത്തായി മുതലാളി ആയി.

രാജമ്മയ്ക്ക് ആദ്യത്തെ മോൻ ഉണ്ടായി കഴിഞ്ഞപ്പം പ്രാരാബ്ധമായി. കൊച്ചിനെ നോക്കാൻ ആളില്ലതായി. അനിയത്തിമാരെല്ലാം നന്ദിയല്ലാത്തവരായി വേറെ മാറി താമസിച്ചു കഴിഞ്ഞിരുന്നു. ആങ്ങളയും ഭാര്യയും കൂടെ ഒന്നിച്ചു ഇവരുടെ ആരുടേയും സഹയം ഇല്ലാതെ ഒന്നിച്ചു വന്ന് വേറെ താമസമായി. കൊച്ചിനെ നോക്കാനും വളർത്താനുമായി അവൾ രാത്രി ജോലി എടുത്തു. പന്ത്രണ്ടു മണിക്കൂർ; മൂന്നു ദിവസം. എന്നാലും അവർ വിളിച്ചാൽ ഓവർ ടൈമിനായി പിന്നേയും പല ദിവസങ്ങളിലായി പോയി.

രാത്രി ജോലി പ്രശ്നമായി. ജോലിക്കിടയിൽ കാണുന്നതെല്ലാം വാരി വലിച്ചു തിന്നു. പകൽ ഉറക്കമില്ലാതെ കൊച്ചിനെ നോട്ടവും പാചകവും. അങ്ങിനെ രാപകലില്ലാതെ തീറ്റ ആയി. അന്നച്ചിയുടെ കൂടെ നിന്ന് നല്ല പാചക കല ആയി. നല്ല രുചിയുള്ള പാചകം. വാരി വലിച്ചുള്ള തീറ്റ. ഏകദേശം അഞ്ചു വർഷമായപ്പോൾ രണ്ടാമത്തെ മോനേ പ്രസവിച്ചു കഴിഞ്ഞപ്പോഴേക്കും വശക്കേടായി. രണ്ടാൺമക്കൾ. വണ്ണം വെച്ചു വെച്ച് നേരേ നിൽക്കാൻ വയ്യാത്ത വിധമായി. ഒരു സഹായത്തന് അമ്മ, മറിയച്ചേടത്തിയെ വിളിക്കാമെന്നായപ്പോൾ അയൽപക്കത്തെ അവരാതി മേരിയെ ഭയന്ന് അതും വയ്യന്നായി. മേരി ഇപ്പോഴും കൊഴുത്തു തടിച്ച് ഒന്നൂടെ സുന്ദരിയും കേമിയുമായി അവിടെ വിലസുന്നുണ്ടെന്നാണ് ഫോൺ വിളിയിൽ രാജമ്മ അറിഞ്ഞത്. ഭർത്താവ് രാജപ്പന് ഒരു കൂസലുമില്ല. പലപ്പോഴും വേറേ താമസിച്ചിരുന്ന അനിയത്തിമാരുടെ പലരുടേയും കൂടെ അയാൾ കിടന്നിരുന്നു എന്നതുകൊണ്ടാണ്ടാണ് അവർ ചേട്ടത്തി അനുജത്തിമാർ തമ്മിൽ പിണങ്ങിയത്. അമ്മാമ്മയ്ക്കു വല്ല നഷ്ടോം വന്നോന്ന് അവർ മുഖത്തു നോക്കി ചോദിച്ചു. ഇപ്പോൾ അവരെല്ലാം വിവാഹം കഴിച്ചു.

രാജമ്മ വണ്ണം വെച്ചു വെച്ച് അവസാനം കിടപ്പിലായി. മക്കളേ പോലും നോക്കാൻ വയ്യാത്ത വിധമായി. രാജപ്പനും ക്ഷീണിതനായി. അവസാനം രാജമ്മ മരിച്ചു. മക്കൾ രണ്ടും അപ്പോൾ പറക്കമുറ്റി. ഫ്യൂണറൽഹോമിൽ സഹോദരങ്ങൾ എല്ലാം പൂക്കളുമായി അന്നച്ചിയോടൊപ്പം എത്തി; അനുശോചനം അറിയിക്കാൻ.